LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങളെല്ലാം പൂർണ്ണമായും പെൻഷൻകാർക്കും നൽകണം. സംസ്ഥാന ജീവനക്കാരെയും അദ്ധ്യാപകരെയും വീണ്ടും അനിശ്ചിതകാല പണിമുടക്കിലേയ്ക്ക് തള്ളിവിടുന്നത് ആപത്ക്കരമാണ്; അതിന്റെ ഗൗരവം ബോദ്ധ്യപ്പെടുന്നതിനുവേണ്ടിയാണ് ഞങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇതുസംബന്ധിച്ചുള്ള അഭിപ്രായം വിശദമായി പറഞ്ഞതുകൊണ്ട് അതെന്താണെന്ന് കാണുന്നതിനുവേണ്ടി കാത്തിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ഇതുസംബന്ധിച്ചുള്ള അഭിപ്രായം ഒന്നുകൂടി വ്യക്തമാക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കഴിഞ്ഞതവണ അങ്ങ് നടപ്പിലാക്കിയത് ഫെബ്രുവരി 26-ാം തീയതിയാണ്. അതിനുമുമ്പ് ഏതായാലും ശമ്പള പരിഷ്കരണം നടപ്പിലാക്കിയിരിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, 2009 ഫെബ്രുവരി മാസത്തിലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്; 2011 ഫെബ്രുവരി മാസത്തിലല്ല. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്നത് 2011-ൽ ആണ്. ആ ഫെബ്രുവരിയിലല്ല ശമ്പള പരിഷ്കരണം നടത്തിയത്. 2004-ൽ ഡ്യൂ ആയിട്ടുള്ള ശമ്പള പരിഷ്കരണം 2009-ലാണ് നടപ്പിലാക്കേണ്ടത്. 2009-ൽ വി.എസ്. ഗവൺമെന്റ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഫെബ്രുവരി മാസത്തിൽ തന്നെയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ആ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിന് തൊട്ടുമുമ്പ് ചെയ്യുവെന്നാണ് പറഞ്ഞത്. അതുപോലെ ഞങ്ങളും ചെയ്യും. ..... (ബഹളം).....

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അങ്ങ് ചോദിച്ചതിന് മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി: 5 വർഷം കൂടുമ്പോഴാണ് ശമ്പള പരിഷ്കരണമെന്ന് അങ്ങ് തന്നെ പറഞ്ഞു. 2011 ഫെബ്രുവരി മാസത്തിലാണ് ഇതിനുമുമ്പ് ശമ്പള പരിഷ്കരണം നടത്തിയത്.

III പ്രത്യേക പരാമർശം

ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ഫയൽ

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഫ്ലാറ്റ് നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട ഒരു ഫയൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോയെന്ന് ഞാൻ ചോദിച്ചിരുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായി ആലോചിച്ച് ചെയ്യാമെന്നാണ് മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞത്. അതുസംബന്ധിച്ച് ശ്രീ. മഞ്ഞളാംകുഴി അലി ആഭ്യന്തര വകുപ്പുമന്ത്രിയുമായി ആശയവിനിമയം നടത്തിയോ?

ഇതുസംബന്ധിച്ച് എന്താണ് ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാനുള്ളതെന്ന് കേൾക്കാൻ താൽപ്പര്യമുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പാറ്റൂർ ഭൂമികേസ്സുമായി ബന്ധപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, നഗരകാര്യ വകുപ്പുമന്ത്രിയോട് സഭയിൽ ഉന്നയിച്ചത്. ആ കേസ്സുമായി ബന്ധപ്പെട്ട അന്വേഷണം നടത്തിയത് ലോകായുക്തയാണ്. വിജിലൻസ് എ.ഡി.ജി.പി. എന്നുള്ള നിലയിലല്ലാതെ ശ്രീ. ജേക്കബ് തോമസിനോട് ലോകായുക്ത ഈ കേസ് അന്വേഷിക്കാൻ പറയുകയും അതനുസരിച്ച് അന്വേഷിച്ച് റിപ്പോർട്ട് കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിജിലൻസ് അന്വേഷണമല്ല നടന്നത്. പ്രതിപക്ഷ നേതാവ് പറഞ്ഞ ഫയൽ വിജിലൻസ് വകുപ്പിൽ ഉണ്ടോയെന്ന് പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്, വിവരങ്ങൾ കിട്ടിയിട്ടില്ല. ലോകായുക്ത ശ്രീ. ജേക്കബ് തോമസിനെ അന്വേഷിക്കാൻ നിയോഗിച്ചതാണ്. അദ്ദേഹം അന്വേഷിച്ച് റിപ്പോർട്ട് കൊടുത്തുവെന്നാണ് മനസ്സിലാക്കുന്നത്. ഫയൽ ഉണ്ടോയെന്ന് പരിശോധിച്ച്, ഉണ്ടെങ്കിൽ അത് പരിശോധിച്ചശേഷം പ്രതിപക്ഷ നേതാവുമായി സംസാരിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ,.....ഇതൊരു പൊതുവിഷയമാണ്.

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ കഴിഞ്ഞതിനുശേഷം സബ്മിഷൻ സമയത്ത് ശ്രീ. ചിറ്റയം ഗോപകുമാർ പറഞ്ഞ വിഷയമെടുക്കാം.

IV ശ്രദ്ധ ക്ഷണിക്കൽ

(1) കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരത്തുക

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടമാണ്. കൃഷിനാശത്തിനുള്ള പ്രധാന കാരണം അപ്രതീക്ഷിതമായി കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനമാണ്. കാലവർഷം, വേനൽമഴ, വരൾച്ച എന്നിവ മൂലം കർഷകർക്ക് എല്ലാ സീസണിലും കൃഷി നശിക്കുകയാണ്. കഴിഞ്ഞ കാലവർഷത്തിൽ മാത്രം 6079 കർഷകരാണ് കാർഷിക നഷ്ടങ്ങൾക്ക് വിധേയരായത്. ഏകദേശം 11 കോടി രൂപയുടെ നാശനഷ്ടം വയനാട് ജില്ലയിൽ ഉണ്ടെന്ന് സർക്കാരിൽ നിന്നുള്ള കണക്കുകൾ വ്യക്തമാക്കുന്നു. ശരിക്കുമുള്ള നഷ്ടം അതിലും എത്രയോ മടങ്ങാണ്. കാർഷികവൃത്തി ഉപജീവന മാർഗ്ഗമാക്കിയ കർഷകർക്ക് കൃഷിനാശം സംഭവിച്ചാൽ ലഭിക്കുന്ന ആശ്വാസസഹായമാണ് നഷ്ടപരിഹാരമെന്ന പേരിൽ സർക്കാരിൽനിന്നും ലഭിക്കുന്നത്. സർക്കാർ പ്രഖ്യാപിക്കുന്ന നഷ്ടപരിഹാരത്തുക

LIBRARY ARCHIVES Kerala Legislative Assembly